**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **29-07-2021 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പിറവം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | കൂത്താട്ടുകുളം സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി-യിൽ നിന്നും 110 കെ.വി ആയി ഉയർത്തി. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിരുന്നു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. പിറവം മണ്ഡലത്തിലും ഊർജ്ജമിത്ര കേന്ദ്രം പ്രവർത്തനം ആരഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | കൂത്താട്ടുകുളം സബ്സ്റ്റേഷൻ 110 കെ.വി കമ്മീഷൻ ചെയ്തു. പിറവം മണ്ഡലത്തിലെ പള്ളിക്കവല എന്ന സ്ഥലത്ത് ആരഭിച്ച ഊർജ്ജമിത്ര കേന്ദ്രം മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറും, പരിപാലനവും നടത്തിവരുന്നു. |
| (സി) | അനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുടെ തടസ്സമെന്താണെന്ന് അറിയിക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | പുതിയ ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | കൂത്താട്ടുകുളം 110 കെ.വി സബ്സ്റ്റേഷനിൽ നിലവിലുള്ള 10 MVA 66/11 കെ.വി പവ്വർ ട്രാൻസ്ഫോർമർ മാറ്റി 12.5 MVA കപ്പാസിറ്റിയുള്ള 110/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ഉള്ള പ്രവൃത്തികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ